**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4874** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇ - ഗ്രാന്റ് വിതരണത്തിനുള്ള കേന്ദ്ര വിഹിതം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എ. പി. അനിൽ കുമാർ</th><th colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഇ - ഗ്രാന്റ് വിതരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തത് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിൽ കാലതാമസം ഉണ്ടായതിനാൽ ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;</td><td>(എ)</td><td>പട്ടികജാതി വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2021-22 അധ്യയന വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ നിർദേശങ്ങൾ പ്രകാരം 40:60 സംസ്ഥാന കേന്ദ്ര അനുപാതത്തിലാണ് നടപ്പിലാക്കി വരുന്നത്.<br><br>ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിഹിതം സംസ്ഥാന സർക്കാരിലേക്ക് നേരിട്ട് ലഭിക്കുന്നില്ല. കേന്ദ്ര വിഹിതം തുക കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേക്കു നൽകുകയാണ് ചെയ്യുന്നത്. കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ സംസ്ഥാന വിഹിതമായ 40% തുക സംസ്ഥാന സർക്കാർ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കു വിതരണം നടത്തിയ ശേഷം ഡേറ്റ കേന്ദ്ര സർക്കാരിലേക്ക് നൽകുകയും കേന്ദ്ര വിഹിതമായ 60% തുക കേന്ദ്ര സർക്കാർ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന നേരിട്ട് വിതരണം നടത്തുകയും ചെയ്യുന്നു.<br><br>2022-23 വർഷം മുതൽ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നതിനും കേന്ദ്ര സർക്കാർ കൂടുതൽ വ്യവസ്ഥകൾ ഏർപ്പെടുത്തുകയുണ്ടായി. വിദ്യാർഥികൾക്ക് ആധാർ സീഡഡ് അക്കൗണ്ടുകൾ നിർബന്ധമാക്കുകയും സ്കോളർഷിപ്പ് തുകയുടെ സംസ്ഥാന വിഹിതം വിതരണം PFMS മുഖേനയായിരിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. വിദ്യാർഥികളുടെ സ്കോളർഷിപ്പ് അപേക്ഷകൾക്കു മുന്നോടിയായി ആധാർ സീഡിംഗ് സ്റ്റാറ്റസ് പരിശോധിക്കുന്നതിനായി NPCI Mapper മായും സംസ്ഥാന വിഹിതം വിതരണം PFMS മുഖേനയായിരിക്കുന്നതിന് PFMS പോർട്ടലുമായും സ്റ്റേറ്റ് സ്കോളർഷിപ്പ് പോർട്ടലായ ഇ-ഗ്രാന്റ്സ് ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട ഉണ്ടായിരുന്നു. പ്രസ്തുത ഇന്റഗ്രേഷൻ നടപടികൾക്കുള്ള സാങ്കേതിക സഹായം നൽകേണ്ടിയിരുന്നത് കേന്ദ്ര മന്ത്രാലയത്തിൽ നിന്നുമായിരുന്നു. സംസ്ഥാനത്തിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്ന് പ്രസ്തുത നടപടിക്രമങ്ങൾ 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിലാണ് കേന്ദ്രത്തിൽ നിന്നും പൂർത്തീകരിച്ചതെന്നതിനാൽ പ്രസ്തുത വർഷം സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനും ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുന്നതിനും കാലതാമസം നേരിട്ടിരുന്നു.<br><br>നിലവിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുകയും ഫണ്ടിന്റെ ലഭ്യതക്കു വിധേയമായി സംസ്ഥാന വിഹിതം വിതരണം ചെയ്യുകയും ആനുപാതികമായി കേന്ദ്ര വിഹിതം വിദ്യാർഥികൾക്കു ലഭിക്കുകയും ചെയ്യുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കേന്ദ്ര വിഹിതം ലഭിക്കാത്തത് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിനാൽ കാലതാമസം ഉണ്ടായതിനാൽ ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

<table>
<tr>
<td>(ബി)</td>
<td>നിലവിൽ ഇ - ഗ്രാന്റ്, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന ആണോ നൽകുന്നതെന്ന് അറിയിക്കാമോ; ഇ - ഗ്രാന്റ് വിതരണത്തിനായി സംസ്ഥാനം നിലവിൽ അവലംബിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td>ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് നിലവിൽ ഡയറക്ട് ബെനിഫിക്ട് ട്രാൻസ്ഫർ മുഖേനയാണ് അനുവദിക്കുന്നത്. CSS പരിധിയിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് ഫീസ്, സെൻട്രൽ അക്കാഡമിക് അലവൻസ് ഇനങ്ങളിലുള്ള സംസ്ഥാന വിഹിതമായ 40% തുക PFMS മുഖേനയും CSS പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുകയും CSS പരിധിയിൽ ഉൾപ്പെട്ട വിദ്യാർഥികളുടെ അധിക സംസ്ഥാന ധനസഹായവും BIMS മുഖേന ട്രഷറിയിൽ നിന്നു നേരിട്ടും വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു.<br><br>ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പദ്ധതി സംസ്ഥാന സർക്കാരിന്റെ egrantz3.0 പോർട്ടൽ മുഖേന ഓൺലൈനായി വിതരണം ചെയ്തു വരുന്നു. ഓരോ അധ്യയന വർഷവും സമയ പരിധിക്കുള്ളിൽ ഓൺലൈനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് അപേക്ഷ സ്ഥാപന മേധാവികൾ പരിശോധിച്ച് ജില്ലാ ഓഫീസിലേക്ക് ഫോർവേർഡ് ചെയ്യുകയും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് അപ്രൂവൽ നൽകുകയും ചെയ്യുന്നു. അപ്രൂവൽ ലഭിച്ച വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക ഫണ്ടിന്റെ ലഭ്യതക്കു വിധേയമായി വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ ഇ-ഗ്രാന്റ്സ് ആനുകൂല്യം DBT മുഖേനയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നാളിതുവരെയും സംസ്ഥാന സർക്കാരിന്റെ ഇ-ഗ്രാൻറ്സ് പോർട്ടൽ മുഖേനെയാണ് അനുവദിച്ചു നൽകിയിരുന്നത്. എന്നാൽ 2021-ലെ കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ SNA-PFMS സംവിധാനം മുഖേന മാത്രമേ അനുവദിച്ചു നൽകാൻ പാടുള്ളൂ. ആയതിനാൽ നിലവിൽ SNA-PFMS സംവിധാനം മുഖേനെയാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്.</td>
</tr>
<tr>
<td>(സി)</td>
<td>മുടങ്ങിക്കിടന്ന കേന്ദ്ര വിഹിതം നിലവിൽ ലഭിക്കുവാൻ തുടങ്ങിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>നിലവിൽ സംസ്ഥാന വിഹിതം വിതരണം ചെയ്ത് ഡേറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഷെയർ ചെയ്യുന്ന മുറക്ക് കേന്ദ്ര വിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് ലഭിച്ചു വരുന്നു. 2022-23, 2023-24 വർഷങ്ങളിൽ നാളിതു വരെ വിതരണം ചെയ്ത സംസ്ഥാന വിഹിതം, അനുപൂരകമായി കേന്ദ്രം വിതരണം ചെയ്ത വിഹിതം എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th rowspan="2">Year</th><th colspan="2">State Share</th><th colspan="2">Central Share</th></tr>
<tr><th>No. of Students</th><th>Amount</th><th>No. of Students</th><th>Amount</th></tr>
<tr><td>2022-23</td><td>1,21,121</td><td>70,45,85,265</td><td>1,19,920</td><td>1,04,25,54,258</td></tr>
<tr><td>2023-24</td><td>67,297</td><td>3,17,484,148</td><td>45,176</td><td>23,90,30,662</td></tr>
</table>
<br>പേയ്മെന്റ് നടപടികൾ തുടർന്നു വരുന്നു.<br><br>പട്ടികവർഗ്ഗ വികസ വകപ്പിന് മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന കേന്ദ്രവിഹിതം 2024 ഫെബ്രുവരി മാസം ലഭിച്ചിരുന്നു. കൂടാതെ 2023-24 വർഷത്തെ ആദ്യഗഡുവായ 931.95 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട് . ആയതിന്റെ ആനുപാതികമായ സംസ്ഥാന വിഹിതവും ചേർത്ത് ആകെ 1242.6 ലക്ഷം രൂപ SNA - PMS-ഇന്റഗ്രേഷൻ വഴി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ